# വടക്കാഞ്ചേരി സർക്കാരുദ്യോഗസ്ഥ സഹകരണ സംഘം ക്ലിപ്തം നമ്പർ 139
## പി. ഒ. വടക്കാഞ്ചേരി, തൃശൂർ ജില്ല.
## ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം (പ്രതിമാസ നിക്ഷേപ പദ്ധതി)
### ഉപനിബന്ധനകൾ

1. ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം (പ്രതിമാസ നിക്ഷേപ പദ്ധതി) എന്ന പേരിൽ അറിയപ്പെടുന്ന ഈ പദ്ധതി 1969 ലെ കേരള സഹകരണ സംഘം ആക്ടിനും അനുബന്ധ ചട്ടങ്ങൾക്കും വിധേയമായിരിക്കും. സംഘത്തിലെ എ ക്ലാസ്സ് മെമ്പർമാർക്കും നോമിനൽ/സി ക്ലാസ്സ് മെമ്പർമാർക്കും നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകി സ്കീമിൽ ചേരാവുന്നതാണ്. ആയതിൽ നിക്ഷേപ കാലാവധി, മാസഗഡു അടവ് സംഖ്യ എന്നിവ വ്യക്തമായി പ്രസ്താവിക്കേണ്ടതാണ്.

2. സംഘം മെമ്പർമാരെയും പൊതുജനങ്ങളെയും ധനകാര്യ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും ചൂഷണത്തിൽ നിന്നും രക്ഷിക്കുകയും അവർക്കിടയിൽ സമ്പാദ്യശീലവും സുരക്ഷിതത്വബോധവും വളർത്തി സ്വയം പര്യാപ്തരാക്കുന്നതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

3. ഒരംഗം സ്കീമിൽ ചേരുമ്പോൾ ഉപനിബന്ധനകൾ വായിച്ച് അംഗീകരിച്ചതായും നിലവിലുള്ളതോ, ഭാവിയിൽ കൂട്ടിച്ചേർക്കുന്നതോ, ഭേദഗതി ചെയ്യുന്നതോ, നീക്കം ചെയ്യുന്നതോ ആയ എല്ലാ നിബന്ധനകളും തനിക്ക് ബാധകമാണെന്നതും കാണിച്ച് ഉപനിബന്ധനയുടെ ഒരു കോപ്പി ഒപ്പിട്ട് നൽകേണ്ടതാണ്.

4. ഈ സ്കീമിൽ അംഗങ്ങളാകുന്നവർ 20 മുതൽ 100 പേർ വീതമുള്ളതും 20 മാസം മുതൽ 100 മാസം കൊണ്ട് അവസാനിക്കുന്നതുമായ 500 രൂപ മുതൽ 10000 രൂപ വരെ നിക്ഷേപവായ്പ ഗ്രൂപ്പുകൾ ഉണ്ടാക്കി അംഗങ്ങളെ സഹായിക്കുക എന്നതായിരിക്കും സ്കീമിന്റെ പ്രധാന ഉദ്ദേശം. സംഘത്തിന്റെ രജിസ്റ്റർ ചെയ്ത നിയമാവലി പ്രകാരം അനുവദനീയമായ IMBP ക്കു വിധേയമായി പരമാവധി 10 ലക്ഷം രൂപവരെ (പത്ത് ലക്ഷം രൂപ.) വരുന്ന ഗ്രൂപ്പുകളായിട്ടാണ് ഓരോന്നും ആരംഭിക്കുക. അംഗങ്ങൾ കൂടുതൽ ഉണ്ടെങ്കിൽ കൂടുതൽ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനും സംഘത്തിന് അധികാരമുണ്ടായിരിക്കും.

5. സംഘത്തിന്റെ ഓഫീസിൽ നിന്നോ ഏതെങ്കിലും ബ്രാഞ്ചിൽ നിന്നോ ഭരണസമിതി തീരുമാനിക്കുന്ന പ്രകാരം ഈ നിബന്ധനകൾ അനുസരിച്ച് ഗ്രൂപ്പുകൾ ആരംഭിക്കാവുന്നതും സ്കീം ആരംഭിക്കുന്നതിന്റേയും അവസാനിക്കുന്നതിന്റേയും തിയ്യതികളും നറുക്കെടുപ്പിന്റെ തിയ്യതികളും സംഘം മുൻകൂട്ടി നിശ്ചയിക്കുന്നതും, ആയവ പദ്ധതിയിൽ ചേർന്നിട്ടുള്ള എല്ലാ അംഗങ്ങളെയും അറിയിക്കുന്നതുമാകുന്നു.

6. അതാത് മാസം നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം യോഗനടപടികൾ ആരംഭിക്കുന്നതിന് മുൻപ് ഗ്രൂപ്പിൽ ചേർന്നിട്ടുള്ള അംഗങ്ങൾ അതേവരെ അടക്കാനുള്ള എല്ലാ സംഖ്യകളും കുടിശ്ശിക ഉണ്ടെങ്കിൽ ആയതും മുഴുവനായും നിശ്ചിത സമയത്തിനകം സംഘത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. കുടിശ്ശികക്കാരനായ നിക്ഷേപകരെ നറുക്കെടുപ്പിലോ ലേലത്തിലോ ഉൾപ്പെടുത്തുന്നതല്ല.

7. പദ്ധതിയിൽ ചേർന്ന് കൃത്യമായി തുക അടച്ചിട്ടുള്ള അംഗങ്ങളിൽ നിന്നും ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ അംഗത്തിന് വീതം ഓരോ മാസവും നിശ്ചിത തിയ്യതിയിലും സമയത്തും നടപടികളിൽ പങ്കെടുത്ത് പദ്ധതിപ്രകാരം കുറവ് ചെയ്ത് ലഭിക്കേണ്ടതായ തുക നിശ്ചയിച്ച് നൽകേണ്ടതാണ്. ഇപ്രകാരം സ്കീമിൽ നിന്നും അഡ്വാൻസ് ആയി നൽകുന്ന തുകയ്ക്ക് ഓഹരി അനുപാതം ബാധകമായിരിക്കുകയില്ല. ഇപ്രകാരം നൽകുന്ന അഡ്വാൻസ് തുക സ്കീം നിബന്ധനകൾ പ്രകാരം നിശ്ചിത ഗഡുക്കളായി വായ്പ എടുക്കുന്ന അംഗം മുടക്കു വരുത്താതെ അടക്കേണ്ടതാണ്.

8. മേൽപ്രകാരം കുറവ് ചെയ്യുന്ന തുക നിശ്ചയിക്കുമ്പോൾ സംഘത്തിന് നൽകേണ്ടതായ 5% നടത്തിപ്പ് കമ്മീഷൻ ഉൾപ്പെടെ മൊത്തം മുതലിന്റെ പരമാവധി 30% വരെ തുക കുറവ് ചെയ്യുന്നതിന് മാത്രമേ അധികാരം ഉണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പരമാവധി കുറവുതുക നിശ്ചയിക്കുന്നതിന് ആവശ്യക്കാരായി ഒന്നിൽ കൂടുതൽ അംഗങ്ങൾ ഉണ്ടെങ്കിൽ അവരിൽ നിന്ന് ഒരാളെ പരമാവധി കുറവ് തുകയ്ക്ക് നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്നതായിരിക്കും. ഓരോ മാസവും നടപടി ദിവസം യോഗനിശ്ചയപ്രകാരം ഗ്രൂപ്പ് മുതലിൽ നിന്നും കുറവ് ചെയ്യുമ്പോൾ 5% സംഘം കമ്മീഷനായും ബാക്കി തുക ഓരോ ഗ്രൂപ്പിലെയും വായ്പ ലഭിച്ചിട്ടുള്ളതും ലഭിക്കാത്തതുമായ അംഗങ്ങൾക്ക് തുല്യമായി ബോണസ് വകയിൽ വീതിക്കുന്നതുമായിരിക്കും. ടി തുക വായ്പ എടുക്കുന്ന അംഗത്തിന്റെ കണക്കിൽ ചെലവെഴുതുന്നതുമാണ്.

9. നടപടികളിൽ നേരിട്ട് പങ്കെടുക്കുന്നതിന് ഏതെങ്കിലും ഗ്രൂപ്പിലെ ഒരംഗത്തിന് സാധിക്കാത്ത പക്ഷം നടപടികളിൽ തനിക്കുവേണ്ടി പങ്കെടുക്കുന്നതിന് രേഖാമൂലമായി ഒരു പ്രതിനിധിയെയോ, സംഘത്തിനെയോ അധികാരപ്പെടുത്താവുന്നതാണ്.

10. ഏതെങ്കിലും തവണക്ക് നടപടികളിൽ പങ്കെടുക്കുന്നതിന് നേരിട്ട് ഹാജരായതോ രേഖാമൂലം ആവശ്യപ്പെട്ടതോ ആയ അംഗങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കുടിശ്ശിക ഇല്ലാത്തതും തന്മാസ തവണ അടവ് വന്നിട്ടുള്ളതുമായ പേരുകൾ / നമ്പറുകൾ നറുക്കെടുത്ത് അഡ്വാൻസിന് അർഹതയുള്ള ആളെ നിശ്ചയിക്കുന്നതിന് സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം നിശ്ചയിക്കപ്പെട്ട അംഗത്തിന് ഗ്രൂപ്പ് മുതലിൽ നിന്നും സംഘം കമ്മീഷനും എന്തെങ്കിലും കുടിശ്ശിക ബാധ്യത ഉണ്ടെങ്കിൽ ആയതും കഴിച്ച് ബാക്കി തുകയ്ക്ക് മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്.

11. അഡ്വാൻസിന് തെരഞ്ഞെടുക്കപ്പെട്ട അംഗം തുക കൈപ്പറ്റുന്നതിന് ആവശ്യമായ ഈടു നൽകി അപേക്ഷിക്കേണ്ടതാണ്. സംഘം നിയമാവലി അനുസരിച്ച് പരിശോധന നടത്തി അഡ്വാൻസ് അനുവദിക്കുന്നതിനുള്ള

അധികാരം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും. സ്കീമിന്റെ നിശ്ചിത തിയ്യതി കഴിഞ്ഞ് 30 ദിവസത്തിനകം വായ്പ നൽകാവുന്നതാണ്. അത്യാവശ്യഘട്ടങ്ങളിൽ നിശ്ചിത തിയ്യതിക്ക് മുൻപ് സ്കീം വായ്പ ആവശ്യമെങ്കിൽ വരിക്കാരന്റെ അപേക്ഷ പ്രകാരം ഭരണസമിതിക്ക് വായ്പ മുൻകൂർ അനുവദിക്കാവുന്നതും ആയതിന് ഭരണസമിതിയുടെ യുക്താനുസരണം പരമാവധി സാധാരണ വായ്പയുടെ നിരക്കിൽ പലിശ ഈടാക്കാവുന്നതുമാകുന്നു.

12. അപേക്ഷയിൽ എന്തെങ്കിലും ന്യൂനത കാണുന്നപക്ഷമോ നൽകിയിട്ടുള്ള ഈട് വസ്തുക്കൾക്ക് ന്യൂനതയോ പോരായ്മയോ കാണുകയോ ചെയ്താൽ ആയത് പരിഹരിച്ച് നൽകുന്നതിന് സംഘത്തിന് വരിക്കാരനോട് ആവശ്യപ്പെടാവുന്നതും പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് കിട്ടുന്ന മുറയ്ക്ക് സംഘത്തിന്റെ പേരിൽ പ്രമാണവും രശീതികളും ഒപ്പിട്ടു നൽകി തുക കൈപറ്റാവുന്നതുമാണ്.

13. എ) ഈ സ്കീമിൽ ചേർന്നിട്ടുള്ള ഏതൊരംഗവും തവണ തുക നിശ്ചിത തവണ തിയ്യതിയിൽ തന്നെ അടയ്ക്കേണ്ടതും ആയതിന് വീഴ്ച വരുത്തുന്ന പക്ഷം ബോണസ്സുൾപ്പെടെയുള്ള കുടിശ്ശിക തുക കുടിശ്ശിക തിയ്യതി മുതൽ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള പലിശ സഹിതം അടക്കേണ്ടതുമാണ്. പലിശ രൂപയിലേക്ക് റൗണ്ട് ചെയ്യുന്നതുമായിരിക്കും. എന്നാൽ അഡ്വാൻസിന് തെരഞ്ഞെടുക്കപ്പെടാത്ത വരിക്കാരന് ബോണസിന് അർഹതയുണ്ടായിരിക്കുന്നതാണ്. അവധി തെറ്റിയ തവണയ്ക്ക് ദിവസം കണക്കാക്കാതെ ഒരു മുഴുവൻ മാസത്തെ പലിശ നൽകേണ്ടതാണ്.

(ബി) തവണ തുക തവണ തിയ്യതിയിൽ തന്നെ കൃത്യമായി അടക്കുന്ന അംഗങ്ങൾക്ക് ബോണസ്സ് ഉൾപ്പെടെയുള്ള തവണ തുകയുടെ 2% വരെയുള്ള തുക വരെ റെഡി ബോണസ്സായി സംഘം ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി വകവെച്ചു നൽകാവുന്നതാണ്.

14. വായ്പ ലഭിച്ച ഒരംഗം മൂന്നു തവണ തുടർച്ചയായി കുടിശ്ശിക വരുത്തിയാൽ കുടിശ്ശിക തിയ്യതി മുതൽ അവസാന തവണ വരെയുള്ള തുകയും ആയതിനു നിശ്ചിത നിരക്കിലുള്ള പലിശക്ക് പുറമെ 2% പിഴപലിശയും നോട്ടീസുപടിയും മറ്റു ചെലവുകളും ഉൾപ്പെടെയുള്ള തുക ബൈലോ വ്യവസ്ഥകൾക്ക് വിധേയമായി നിയമ നടപടികൾ സ്വീകരിച്ച് ഒന്നായി ഈടാക്കുന്നതിന് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കും.

15. സ്കീമിൽ ചേരുന്നവർക്ക് കേന്ദ്ര സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ ശമ്പളറിക്കവറി സർട്ടിഫിക്കറ്റിന്റെ ഈടിന്മേലോ, മതിയായ വസ്തുവഹകൾ ഉള്ള വസ്തുപണയത്തിന്മേലോ, സർക്കാർ സെക്യൂരിറ്റികൾ, ഷെഡ്യൂൾഡ്/ ദേശസാൽകൃത ബാങ്കിലേയോ മറ്റ് സഹകരണ സ്ഥാപനങ്ങളിലേയോ സ്ഥിര നിക്ഷേപങ്ങൾ, സ്വർണ്ണപണ്ടങ്ങൾ എന്നിവയുടെ ഈടിന്മേലോ സ്കീം വായ്പ അനുവദിക്കാവുന്നതാണ്. വായ്പ അനുവദിക്കുന്നതിനുള്ള അധികാരം അതാതുകാലത്തെ സംഘം ഭരണസമിതിക്കായിരിക്കുന്നതാണ്.

16. ഈ പദ്ധതിയിൽ ചേരുന്ന അംഗങ്ങൾക്ക് സംഘത്തിൽ നിന്നും ഒരു പാസ്സ്ബുക്ക് നൽകുന്നതാണ്. നിക്ഷേപകൻ ഗഡുക്കളായി പണമടയ്ക്കുമ്പോഴും കാലാവധിക്ക് ശേഷമോ അല്ലാതെയോ അഡ്വാൻസ് സംഖ്യ തിരിച്ച് വാങ്ങുമ്പോഴും, പരിശോധനയ്ക്ക് വേണ്ടി സംഘം ആവശ്യപ്പെടുമ്പോഴും പാസ്സ്ബുക്ക് ഹാജരാക്കേണ്ടതാണ്. ഇടപാടുകൾ പാസ്സ്ബുക്കിൽ രേഖപ്പെടുത്തി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പുവെച്ച് കൊടുക്കേണ്ടതാണ്. ആയത് നിക്ഷേപകൻ വാങ്ങി സൂക്ഷിക്കുന്നതിന് ബാദ്ധ്യസ്ഥനുമായിരിക്കുന്നതുമാണ്. പാസ്സ്ബുക്ക് നഷ്ടപ്പെട്ടുപോയാൽ പകരം ഡ്യൂപ്ലിക്കേറ്റ് പാസ്സ്ബുക്ക് നൽകുന്നതും ആയതിന് നിക്ഷേപകൻ നിശ്ചിത ഫീസ് സംഘത്തിൽ അടയ്ക്കേണ്ടതുമാണ്.

17. ഈ സ്കീമിന്റെ തവണ തിയ്യതി ഭരണസമിതി നിശ്ചയിക്കുന്നതും നിശ്ചിത തിയ്യതിക്ക് സംഘം അവധി ദിവസമായിരുന്നാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത തവണ തിയ്യതിയായിരിക്കുന്നതുമാണ്.

18. സ്കീം വട്ടമെത്തിയാൽ അതുപ്രകാരമുള്ള നിക്ഷേപതുക ടിയാന്റെ വായ്പാ ഇടപാടിലേക്ക് വകയിരുത്തി വായ്പ ഇടപാട് അവസാനിപ്പിക്കുന്നതാകുന്നു. എന്നാൽ നിക്ഷേപകൻ സ്കീം തവണകൾ മുടക്ക് വരുത്തുകയും ടിയാനിൽ നിന്ന് വായ്പ ഇടപാട് അവസാനിപ്പിക്കുന്നതിന് സംഖ്യ തികയാതെ വരുകയും ചെയ്യുന്ന പക്ഷം അപ്രകാരമുള്ള സംഖ്യ, പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ സഹിതം 1969 ലെ കേരള സഹകരണ സംഘം ആക്ടും ചട്ടങ്ങളും അനുസരിച്ച് ഈടാക്കുവാൻ സംഘത്തിന് അധികാരാവകാശമുണ്ടായിരിക്കുന്നതാണ്.

19. സ്കീമിൽ നിന്ന് വായ്പ വാങ്ങി നിക്ഷേപ സ്കീം മുടക്ക് വരുത്തുന്ന നിക്ഷേപകനിൽ നിന്നോ, ടിയാന്റെ ജാമ്യക്കാരിൽ നിന്നോ, ജാമ്യ വസ്തു വഹകളിൽ നിന്നോ, അവരുടെ സ്ഥാവര ജംഗമ വസ്തുവഹയിൽ നിന്നോ, ശമ്പളത്തിൽ നിന്നോ, ശമ്പളകുടിശ്ശിക, ഗ്രാറ്റുവിറ്റി മുതലായ മറ്റു ആനുകൂല്യങ്ങളിൽ നിന്നോ, മറ്റ് വരുമാനത്തിൽ നിന്നോ ഈ സ്കീം അവസാനിക്കുന്നതിന് മുമ്പോ ശേഷമോ എപ്പോൾ വേണമെങ്കിലും മുഴുവൻ വായ്പ തുകയും, പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവയും ഒറ്റക്കും കൂട്ടായും 1969 ലെ കേരള സഹകരണസംഘം ആക്ടും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് ഈടാക്കുന്നതിനും സംഘത്തിന് അധികാരവും അവകാശവും ഉണ്ടായിരിക്കും.

20. സംഘത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി ഒരു നിക്ഷേപകന് ടിയാന്റെ സ്കീമിലുള്ള അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ കൈമാറ്റം ചെയ്തുകിട്ടിയ നിക്ഷേപകന് മുൻ നിക്ഷേപകന് ഉണ്ടായിരുന്നതിനേക്കാൾ കൂടുതലായി യാതൊരു അവകാശവും ഇല്ലാത്തതാകുന്നു. സ്കീം വായ്പ കൈപറ്റിയ നിക്ഷേപകനെ ടിയാന്റെ നിക്ഷേപക സ്കീമിലെ അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ അനുവദിക്കുന്നതല്ല.

21. സ്കീം നിക്ഷേപകനോ ജാമ്യക്കാർക്കോ സംഘത്തിലേക്ക് സ്വന്തം നിലയിലോ ജാമ്യം നിലയിലോ എന്തെങ്കിലും ബാദ്ധ്യതയുണ്ടെങ്കിൽ സ്കീം സംഖ്യ ടി ബാദ്ധ്യതയിലേക്ക് തട്ടിക്കിഴിക്കുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കും. സ്കീം വായ്പ സംഖ്യ നൽകുന്നതിന് മുമ്പ് ടിയാന്റെയോ ജാമ്യക്കാരുടേയോ സ്വന്തം/ ജാമ്യം

നിലയ്ക്കുള്ള കുടിശ്ശിക ബാധ്യത സംഖ്യകൾ പിടിച്ചിരിക്കേണ്ടതാണ്.

22. നിക്ഷേപകൻ അടയ്ക്കുന്ന സംഖ്യക്ക് സംഘം രശീതി നൽകുന്നതാണ്. സ്കീം വായ്പക്കാരനും, ജാമ്യക്കാരനും സംഘത്തിൽ നിന്ന് വാങ്ങുന്ന സംഖ്യകൾക്ക് രശീതി, ജാമ്യചീട്ട്, പണയാധാരം മുതലായവ സംഘം ആവശ്യപ്പെടും പ്രകാരം ഒപ്പിട്ടുനൽകേണ്ടതാണ്.

23. ഈട് തരുന്ന വസ്തു മുതലായവയെ നോക്കി കണ്ട് തീർച്ചയാക്കുന്നതിനും വസ്തു ബാദ്ധ്യതകളെപറ്റി അന്വേഷിക്കുന്നതിനും മറ്റും വേണ്ടിവരുന്ന ചെലവുകളും, മുദ്രസല, രജിസ്റ്റർ ഫീസ്, എഴുത്തുഫീസ്, കുടിക്കടം, തപാൽ, മറ്റു ചിലവുകൾ മുതലായവയും അതാതു സ്കീം വായ്പക്കാരൻ തന്നെ വഹിക്കേണ്ടതാണ്.

24. മൂന്നോ, മൂന്നിൽ കൂടുതലോ ഗഡുക്കൾ തുടർച്ചയായി മുടക്കം വരുത്തുന്ന സ്കീം നിക്ഷേപകന് സ്കീമിൽ തുടരുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ടിയാനെ സ്കീമിൽ നിന്ന് നീക്കം ചെയ്യുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യുന്ന നിക്ഷേപകന് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതും, സ്കീമിൽ ടിയാൻ റൊക്കം സംഘത്തിൽ പണമായി അടച്ച സംഖ്യയ്ക്ക് മാത്രം അർഹതയുണ്ടായിരിക്കുന്നതുമാണ്. ബോണസ്സ്, കമ്മീഷൻ, പലിശ മുതലായ യാതൊന്നിനും ടിയാന് അർഹതയുണ്ടാകില്ല. ഇത്തരം ഒരു നിക്ഷേപകനെ നീക്കം ചെയ്തില്ല എന്നതുകൊണ്ടുമാത്രം ടിയാനെ സ്കീമിൽ തുടരുന്നതിനായി അനുവദിച്ചതായി കണക്കാക്കാവുന്നതല്ല.

25 വായ്പയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗം മതിയായ ജാമ്യം നൽകി തുക കൈപറ്റാതിരുന്നാൽ പ്രസ്തുത തുക വായ്പ നിക്ഷേപകണക്കിൽ ചെലവെഴുതി അംഗത്തിന്റെ പേരിൽ സ്പെഷ്യൽ സേവിംഗ്സ് കണക്കിൽ നിക്ഷേപിക്കുന്നതാണ്.

26. മേൽപ്രകാരം തുക കൈപ്പറ്റാതെ ഒരംഗം മേൽതവണകൾ കുടിശ്ശിക വരുത്തുന്നതായാൽ ടി നിക്ഷേപതുകയിൽ നിന്നും തുക ചെലവെഴുതി തവണകൾ വരവു വെയ്ക്കുന്നതും നിക്ഷേപസംഖ്യ അവസാനം വരെയുള്ള തവണകൾക്ക് മതിയാകാതെ വന്നാൽ പോരാതെ വരുന്ന സംഖ്യയും പലിശയും മറ്റു ചെലവുകളും നിക്ഷേപകന്റെ മറ്റുനിക്ഷേപതുകയിൽ നിന്നോ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ നിയമനടപടികൾ സ്വീകരിച്ച് ഈടാക്കി എടുക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

27. മേൽപ്രകാരം നിക്ഷേപിച്ച തുകയിൽ നിന്നും മേൽതവണകൾ, പലിശ, മറ്റു ചെലവുകൾ എന്നിവ അടച്ചതിനുശേഷം തുക ബാക്കിയുണ്ടായിരുന്നാൽ പദ്ധതി അവസാനിച്ചതിനുശേഷം ടി തുക നിക്ഷേപകന് നൽകേണ്ടതും ഏതെങ്കിലും കാരണവശാൽ നിക്ഷേപകൻ പണം പറ്റിയിട്ടില്ലെങ്കിൽ കൈപ്പറ്റുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ടി തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ പലിശസഹിതം ലഭിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

28. നിക്ഷേപപദ്ധതിയിൽ അംഗങ്ങളായവരും എന്നാൽ വായ്പ തുകയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലാത്തവരുമായ അംഗങ്ങൾക്ക് അവർ യഥാർത്ഥത്തിൽ അടച്ച തുകയുടെ 80% വരെയു ള്ള തുക സംഘത്തിൽ നിലവിലുള്ള സാധാരണ വായ്പയുടെ പലിശ നിരക്കിൽ വായ്പ അനുവദിക്കാവുന്നതാണ്. ഈ വായ്പ സ്കീം പ്രകാരം ലേലത്തിൽ / നറുക്കിൽ വായ്പ ലഭിക്കുമ്പോഴോ അതിനു മുമ്പായോ അടച്ചുതീർക്കേണ്ടതാണ്.

29. ഈ സ്കീമിൽ ചേർന്നിട്ടുള്ളതും യോഗനടപടിപ്രകാരം വായ്പ തുകയ്ക്ക് തെരഞ്ഞെടുക്കപ്പെടാത്തതുമായ ഒരു നിക്ഷേപകന് ടി നിക്ഷേപപദ്ധതി തുടർന്ന് നടത്തുന്നതിന് സാധിക്കുന്നില്ലെങ്കിൽ ടി നിക്ഷേപപദ്ധതിയിൽ തനിക്കുള്ള അവകാശം മുഴുവനും മറ്റൊരംഗത്തിന് കൈമാറ്റം ചെയ്ത് കൊടുക്കുന്നതിന് നിക്ഷേപകന്റെയും കൈമാറ്റം വാങ്ങുന്ന അംഗത്തിന്റെയും കൂട്ടായ അപേക്ഷയുടെ അടിസ്ഥാനത്തിൽ സംഘം ഭരണസമിതിക്ക് അനുവദിക്കാവുന്നതാണ്. ടി നിക്ഷേപ പദ്ധതിയുടെ തുടർന്നുള്ള അവകാശം പൂർണ്ണമായും കൈമാറ്റം വാങ്ങിയ നിക്ഷേപകനായിരിക്കുന്നതാണ്.

30. ഈ സ്കീമിൽ ചേർന്നിട്ടുള്ളതും യോഗനടപടി പ്രകാരം വായ്പതുകയ്ക്ക് തെരഞ്ഞെടുക്കപ്പെടാത്തതുമായ ഒരംഗത്തിന് ഏതെങ്കിലും കാരണവശാൽ സ്കീമിൽ തുടരാൻ കഴിയാതെ വന്നാൽ ടി അംഗത്തിന്റെ അപേക്ഷ പരിഗണിച്ചോ ടി അംഗത്തിന് 15 ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ടോ സംഘം ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി ടി അംഗത്തെ നീക്കം ചെയ്ത് മറ്റൊരംഗത്തെ സ്കീമിൽ ഉൾപ്പെടുത്തി സ്കീം തുടരാവുന്നതാണ്. പകരം ചേരാൻ ആളില്ലാതെ വന്നാൽ പ്രസ്തുത യൂണിറ്റ് സംഘം ഏറ്റെടുത്ത് നടത്തുന്നതാണ്.

31. നീക്കപ്പെട്ട അംഗത്തിന് തന്റെ യഥാർത്ഥത്തിൽ അടച്ച തവണതുക സ്കീം അവസാനിക്കുമ്പോഴോ പകരം ചേർന്ന ആൾ തുക പറ്റുന്ന സമയത്തോ മടക്കിക്കൊടുക്കാവുന്നതാണ്. പ്രസ്തുത തുകയ്ക്ക് പലിശയ്ക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. എന്നാൽ മൊത്തം അടവുസംഖ്യയ്ക്ക് ആനുപാതികമായി കമ്മീഷൻ തുക ഈടാക്കാവുന്നതാണ്.

32. പകരം ചേർന്ന നിക്ഷേപകൻ കുറവുചെയ്യുന്ന തുകയിൽ, നീക്കം ചെയ്യപ്പെട്ട നിക്ഷേപകൻ ബോണസ്സ് ഉൾപ്പെടെ അടച്ചിട്ടുള്ള തുകയുടെ ആനുപാതിക കമ്മീഷൻ തുക ടി അംഗത്തിന്റെ കണക്കിലും ബാക്കി തുക മാത്രം പകരം ചേർന്ന നിക്ഷേപകന്റെ കണക്കിലും ചെലവെഴുതേണ്ടതാണ്. പകരം ചേർന്ന നിക്ഷേപകന്, ബോണസ്സുൾപ്പെടെ അടച്ചിട്ടുള്ള തുകയിൽ മേൽപ്രകാരം പറ്റെഴുതിയ തുക കുറച്ച് ബാക്കി സംഖ്യയ്ക്ക് മാത്രമേ അവകാശമുണ്ടായിരിക്കുകയുള്ളൂ.

33. ഈ സ്കീമിൽപ്പെട്ട അംഗത്തിൽ നിന്നും നേരിട്ടോ ജാമ്യനിലയിലോ ഏതെങ്കിലും തുക സംഘത്തിലേയ്ക്ക് ഈടാക്കുവാനുണ്ടെങ്കിൽ ആയത് സ്കീം പ്രകാരം അംഗത്തിന് ലഭിക്കുവാനുള്ള തുകയിൽ നിന്നും ഈടാക്കി എടുക്കുന്നതിന് സംഘത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

34. ഈ സ്കീമിന്റെ നിബന്ധനകൾ ഭേദഗതി വരുത്തുന്നതിനും കൂട്ടിച്ചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഉള്ള അധികാരം സംഘം ഭരണസമിതിക്ക് ഉണ്ടായിരിക്കുന്നതും ആയതിന് ബഹു. തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ അംഗീകാരം വാങ്ങേണ്ടതുമാകുന്നു. അപ്രകാരം ചെയ്യപ്പെടുന്ന

എല്ലാ നിശ്ചയങ്ങളും നിക്ഷേപകനും വായ്പക്കാരനും ഒരുപോലെ ബാധകമായിരിക്കും.

35. ഈ സ്കീമിൽ ചേരുന്നതിനും പണം കൈപറ്റുന്നതിനും ആവശ്യമായ ഫോറങ്ങൾ സംഘത്തിൽ നിന്നും നിശ്ചിത വിലയ്ക്കോ സൗജന്യമായോ ലഭിക്കുന്നതാണ്.

36. സ്കീം സംബന്ധമായി അംഗങ്ങൾക്കുള്ള അവകാശത്തിന് അവരുടെ അപേക്ഷയിൽ നിർദ്ദേശിക്കുന്ന വിധ ത്തിൽ ഒരനന്തരാവകാശിയെ നിയമിക്കാവുന്നതും സ്കീം തീരുന്നതിനുമുമ്പ് അംഗം മരണപ്പെടുന്നതായാൽ അംഗത്തിന്റെ അവകാശം നിയമിക്കപ്പെട്ട ആൾക്ക് സിദ്ധിക്കുന്നതുമാകുന്നു.

37. ഈ സ്കീം സംബന്ധിച്ച് വല്ല തർക്കവുമുണ്ടായാൽ ആയത് സംഘം ഭരണസമിതിയോട് അപേക്ഷിച്ച് തർക്ക നിവൃത്തി വരുത്തിക്കൊള്ളേണ്ടതും ഈ നിബന്ധനകൾക്കും സംഘം നിയമാവലിക്കും വിധേയമായി ഭരണ സമിതി എടുക്കുന്ന തീരുമാനങ്ങൾ അവസാന തീരുമാനമായിരിക്കുന്നതുമാണ്.

38. ഓരോ സ്കീമിലും സംഘത്തിന് ലഭിക്കാവുന്ന മൊത്തം കമ്മീഷൻ തുകയുടെ രണ്ടു ശതമാനമോ കാലാകാല ങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലോ ഉള്ള തുക സർക്കാരിലേക്ക് സ്കീം ആരംഭിക്കുന്നതിന് മുമ്പായി അടച്ചിരിക്കേണ്ടതാണ്.

39. ഈ സ്കീം വായ്പ സംബന്ധിച്ച് ഉണ്ടാകാവുന്ന എല്ലാതർക്കങ്ങളിലും സംഘത്തിന്റെ തീരുമാനം ഏവർക്കും ബാധകമായിരിക്കുന്നതാണ്. ആയത് ജോയിന്റ് രജിസ്ട്രാറുടെ അന്തിമതീരുമാനത്തിന് വിധേയവുമാണ്.

40. ഈ ഉപനിബന്ധന പ്രകാരം കാലാകാലങ്ങളിൽ ആവശ്യമായ രീതിയിൽ സ്കീം ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട തലപ്പിള്ളി സഹകരണ സംഘം അസി. രജിസ്ട്രാർ (ജനറൽ) അവർകളുടെ മുൻ അനുവാദത്തോടെ സംഘം ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

മുകളിലെഴുതിയ ഉപനിബന്ധനകൾ സമ്മതിച്ച് ................................തിയ്യതിയിൽ സംഘത്തിൽ ആരംഭിക്കുന്ന ....................................X.................= .................................... സംഖ്യ സലയുള്ളയുള്ള .......................ാം നമ്പ്ര് G.D.C.S. (M.D.S.) പദ്ധതിയിൽ ഞാൻ .......................നമ്പറിൽ ഒരു നിക്ഷേപകനായി ....................................ക. യുടെ വീതം ചേർന്നിരിക്കുന്നു.

എന്ന്,

.................................വർഷം..................................................................മാസം............................................ാം തിയ്യതി

പേരും, ഒപ്പും : ..............................................................................................................................

അംഗത്വ നമ്പർ : ..............................................................................................................................

സ്ഥിരമായ മേൽവിലാസം: S/o., D/o., W/o : ............................................................ ...................................................................

........................................................................ ...................................................................

........................................................................ ...................................................................

PIN..................................................മൊബൈൽ.............................................................

ഉദ്യോഗപ്പേരും, ജോലി ചെയ്യുന്ന : ........................................................................ ...................................................................

ഓഫീസിന്റെ വിലാസവും ........................................................................ ...................................................................

എഴുത്തുകൾ അയക്കേണ്ട വിലാസം : ........................................................................ ...................................................................

........................................................................ ...................................................................

........................................................................ ...................................................................

നോമിനിയുടെ വിവരങ്ങൾ : പേര് : ...........................................................ബന്ധം.......................................പ്രായം............

നോമിനി മൈനറാണെങ്കിൽ ജനനതിയ്യതി :.........................................................................................................................

നോമിനിയുടെ വിലാസം ........................................................................ ...................................................................

........................................................................ ...................................................................

നിക്ഷേപകന്റെ പേരും, ഒപ്പും : ..............................................................................................................................

തിയ്യതി :

മേൽ ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീമിന്റെ (പ്രതിമാസ നിക്ഷേപ പദ്ധതി) തുടർന്നുള്ള തവണകളിലേക്കുള്ള സഖ്യ പ്രതിമാസം എന്റെ/ഞങ്ങളുടെ പേരിലുള്ള SB A/c. No..................................................ൽ നിന്ന് വരവ് വെയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

നിക്ഷേപകന്റെ പേരും, ഒപ്പും :

തിയ്യതി :